**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6104** **07.11.2016 ൽ മറുപടിയ്ക്ക്**

## "വിളകളുടെ കീടരോഗ നിരീക്ഷണവും ആരോഗ്യ പരിപാലനവും"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. പി. ഉണ്ണി | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) വിളകളുടെ കീടരോഗ നിരീക്ഷണത്തിനും ആരോഗ്യ പരിപാലനത്തിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br><br>(ബി) കീടരോഗ നിരീക്ഷണ ഉപദേശക പദ്ധതി ഇതിനായി നടപ്പിലാക്കിയിട്ടുണ്ടോ; | (എ)യും (ബി)യും വിളകളുടെ കീടരോഗ നിരീക്ഷണത്തിനായി വിള ആരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി കർഷകർക്കുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകിവരുന്നു. സംസ്ഥാനത്ത് കൃഷിഭവനുകളിൽ പരിശീലനം ലഭിച്ച കീടരോഗ നിരീക്ഷണ സേനകൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) കർഷകർക്ക് കീടനിരീക്ഷണത്തിലും വിളയുടെ ആരോഗ്യ പരിപാലനത്തിലും കൃത്യമായ ഉപദേശങ്ങൾ നൽകാൻ എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കുരുമുളക് തുടങ്ങിയ മുഴുവൻ വിളകളും കീടരോഗ നിരീക്ഷണത്തിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പെസ്റ്റ് സ്കൗട്ടുകൾ ശേഖരി ക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കീടരോഗ ബാധ നിയന്ത്രിക്കേണ്ടതിനുതകുന്ന ശാസ്ത്രീയ മാർഗ്ഗങ്ങൾ സംബന്ധിച്ച് യഥാസമയം നിർദ്ദേശം നൽകുന്നുണ്ട്. സംസ്ഥാനത്തെ 118 ഓളം പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിലൂടെ കർഷകർക്ക് കീടരോഗ നിർണ്ണയത്തിനും മണ്ണ് പരിശോധനയ്ക്കുമുള്ള സൗകര്യം ലഭ്യമാക്കുന്നു. ഇത്തരം 34 ക്ലിനിക്കുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കീടരോഗബാധ ലക്ഷണങ്ങൾ കർഷകർക്ക് മനസ്സിലാക്കുന്നതിന് സ്പെസിമനുകൾ, ഫോട്ടോഗ്രാഫുകൾ, ചാർട്ടുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ലഘുലേഖകൾ, പുസ്തകങ്ങൾ, മാഗസിനുകൾ സി.ഡികൾ എന്നിവ അടങ്ങുന്ന ചെറു ലൈബ്രറിയും ഈ ക്ലിനിക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ കർഷകർക്ക് പെസ്റ്റ് ബുള്ളറ്റിനുകൾ ലഭ്യമാക്കുകയും വിദഗ്ധ പരിശീലനം ലഭിച്ച കൃഷി ഓഫീസർമാരുടെ മേൽനോട്ടത്തിൽ ജൈവ കീട/രോഗ നിയന്ത്രണോപാധികളുടെ ഉല്പാദനം, പരിസ്ഥിതി സൗഹൃദ കീടനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയും നടപ്പിലാക്കി വരുന്നു. |
| (ഡി) കീടനിരീക്ഷണ സംവിധാനങ്ങളും ഉപദേശക സംവിധാനങ്ങളും അനുയോജ്യമായ എല്ലാ പ്രദേശങ്ങളിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) എല്ലാ പ്രദേശങ്ങളിലും നിലവിൽ സംവിധാനങ്ങളുണ്ട്. |

**സെക്ഷൻ ഓഫീസർ**